**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3932** **17-03-2025 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് താലൂക്കാശുപത്രിയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ചാവക്കാട് താലൂക്കാശുപത്രിയിൽ ഡോക്ടർ ഉൾപ്പെടെയുള്ള തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ആകെ 10 ഒഴിവുകൾ നിലവിലുണ്ട്. |

| തസ്തിക | ഒഴിവുകൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| കൺസൾട്ടന്റ് ഗൈനക്കോളജി | 1 | ഈ ഒഴിവ് സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| നഴ്സിംഗ് ഓഫീസർ | 3 | പി.എസ്.സി അഡ്വൈസ് ലഭിച്ച 2 നഴ്സിംഗ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. നഴ്സിംഗ് ഓഫീസർ തസ്തികയിലേയ്ക്ക് ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതുവഴി ബാക്കിയുള്ള ഒരു ഒഴിവ് നികത്തുന്നതാണ്. |
| നഴ്സിംഗ് അസിസ്റ്റന്റ് | 2 | നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതുവഴി ഒഴിവ് നികത്തുന്നതാണ്. |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - I | 3 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - I തസ്തികയിലേയ്ക്ക് ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - II ജീവനക്കാർക്ക് ഉടൻ തന്നെ പ്രൊമോഷൻ നൽകി ടി ഒഴിവ് നികത്തുന്നതാണ്. |
| പി.ടി.എസ് | 1 | പി.ടി.എസ് തസ്തികയിലേയ്ക്ക് നിയമനം ഉടൻ നടത്തുന്നതാണ്. എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് കൂടികാഴ്ച നടത്തിയിട്ടുണ്ട്. ആയതിന്റെ നിയമന പ്രക്രിയകൾ നടന്നുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ചാവക്കാട് താലൂക്കാശുപത്രിയിൽ രാത്രികാലങ്ങളിൽ ഒരു ഡോക്ടറുടെ സേവനം മാത്രം ലഭ്യമായ സാഹചര്യത്തിൽ അധികമായി ഒരു ഡോക്ടറെ കൂടി നഗരസഭ മുഖേന ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ആവശ്യപ്പെട്ടിരുന്നു. ഡോക്ടർമാരുടെ കുറവ് സംബന്ധിച്ച് THQH – Chavakkad/B1-1063/25 തീയതി, 03/03/2025 കത്ത് പ്രകാരം ചാവക്കാട് നഗരസഭയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ